(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര സീറ്റുകളാണ് പ്ലസ് ടു/വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് ഉള്ളതെന്ന് അറിയിക്കുമോ;

(സി) മലയോര മേഖലയിൽ ഉപരിപഠനത്തിനായി പ്ലസ് ടു/വി.എച്ച്.എസ്.ഇ. അധിക ബാച്ചുകൾ അനുവദിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019-ൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 5043 വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി പരീക്ഷയിൽ 3674 വിദ്യാർത്ഥികളും തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറിപരീക്ഷയിൽ 137 വിദ്യാർത്ഥികളും ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്ലസ് വണ്ണിന് ഹയർ സെക്കണ്ടറി വിഭാഗത്തിൽ 4320 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 150 സീറ്റുകളുമുണ്ട്.

(സി)നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**പൊതുവിദ്യാഭ്യാസ മേഖലയിൽ ഹയർസെക്കണ്ടറി കോഴ്സുകൾ**

172 (4496) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ കൂടുതലായി അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൂടുതൽ ബാച്ചുകൾ അനുവദിയ്ക്കുന്നതിനും പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെങ്കിലും വിദ്യാലയങ്ങളിൽ പുതിയ കോഴ്സുകളോ ബാച്ചുകളോ കൂടുതലായി അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർസെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്നതിനായുള്ള നയപരമായ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത വിഷയത്തിൽ ഇതുവരെയും സർക്കാർ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്ലസ് വൺ കോഴ്സിന് 20% മാർജിൻ സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

**അദ്ധ്യയന വർഷാരംഭത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം**

173 (4497) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും (2011-16) പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യായന വർഷാരംഭത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ 3 വർഷങ്ങളിലായി അദ്ധ്യയന വർഷാരംഭത്തിൽ എത്ര കുട്ടികളാണ് പൊതു വിദ്യാലയങ്ങളിൽ അഡ്മിഷൻ നേടിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അശാസ്ത്രീയമായി പ്രവർത്തിക്കുന്ന എത്ര അൺ എയ്ഡഡ് സ്കൂളുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും (2011-16) പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യയന വർഷാരംഭത്തിലെ ആറാം പ്രവൃത്തിദിനം അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2011-12 | 4235285 |
| 2012-13 | 3971537 |
| 2013-14 | 3848067 |
| 2014-15 | 3789227 |
| 2015-16 | 3763169 |

LIBRARY ARCHIVES Kerala Legislative Assembly